e-mail:doclt.psc@kerala.gov.in
website:www.keralapsc.gov.in

Telephone: 0495 2371971

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

ജില്ലാ ഓഫീസ്, കോഴിക്കോട്

ചുരുക്കപ്പട്ടിക നമ്പർ : 24/2022/DOD
കാറ്റഗറി നമ്പർ : 093/2022

കോഴിക്കോട്,
20-12-2022.

## വിജ്ഞാപനം

16.04.2022 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം കോഴിക്കോട് ജില്ലയിൽ വനം-വന്യജീവി വകുപ്പിൽ ₹.20000 - 45800/ (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (പാർട്ട്-II) (വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവർക്ക് സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കുള്ളത്) (ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) തസ്തികയുടെ നിയമനത്തിനായി 03.09.2022 ന് നടത്തിയ ഒ.എം.ആർ. പരീക്ഷയുടെയും 12.12.2022, 17.12.2022 എന്നീ തീയതികളിൽ നടന്ന പ്രമാണ പരിശോധന, ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാ പരീക്ഷ എന്നിവയുടെയും അടിസ്ഥാനത്തിൽ അഭിമുഖത്തിന് സോപാധികമായി അർഹരായ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ സംഖ്യാക്രമത്തിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. ഉദ്യോഗാർത്ഥികളുടെ ജനന തീയതി, സമുദായം, യോഗ്യതകൾ, വെയിറ്റേജ്, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ അഭിമുഖത്തിനു മുന്നോടിയായുള്ള പ്രമാണ പരിശോധനാവേളയിൽ പരിശോധിക്കുന്നതാണ്.

(…...2)

**പുരുഷൻമാർ**

| | |
|---|---|
| 111586 | 111680(pvl) |

**സ്ത്രീകൾ**

| |
|---|
| ഇല്ല |

കുറിപ്പ് :- 1

അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായിട്ടാണ് രജിസ്റ്റർ നമ്പറുകൾ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല.

കുറിപ്പ് :- 2

അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ അവകാശപ്പെടാത്ത അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

കുറിപ്പ് :- 3

കായിക ക്ഷമതാ പരീക്ഷയിലും ശാരീരിക അളവെടുപ്പിലും വിജയിച്ച ഉദ്യോഗാർത്ഥികളെ ചുരുക്കപ്പട്ടികയിൽ സോപാധികമായി ഉൾപ്പെടുത്തിയിരിക്കുന്നു. രജിസ്റ്റർ നമ്പർ 111680 എന്ന പുരുഷ ഉദ്യോഗാർത്ഥിയുടെ ഉൾപ്പെടുത്തൽ ബഹു. കമ്മീഷന്റെ തുടർ ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും.

(…...3)

കുറിപ്പ് :- 4

ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള ഇന്റർവ്യൂ സംബന്ധിച്ച സ്ഥലം, തീയതി, സമയം എന്നിവ SMS/Profile Message മുഖേന നൽകുന്നതാണ്. ഉദ്യോഗാർത്ഥികളിൽ ഇന്റർവ്യൂവിൽ പങ്കെടുത്ത് യോഗ്യത നേടുന്നവരെ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ.

കുറിപ്പ് :- 5

നിലവിലുള്ള നടപടിക്രമപ്രകാരം ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം പുന:പരിശോധന, **03.09.2022** ൽ നടന്ന OMR പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പ് എന്നിവ നിശ്ചിത ഫീസ് ഒടുക്കിയ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

കുറിപ്പ് :- 6

**27.10.2022** തീയതിയിലെ ERVII(1)3690/2022/EW വിജ്ഞാപനപ്രകാരം പരീക്ഷയെഴുതിയ ആരുടെയും ഉത്തരക്കടലാസ്സുകൾ അസാധുവാക്കപ്പെട്ടിട്ടില്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

മുകേഷ് പരുപറമ്പത്ത്
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കോഴിക്കോട്

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ